പതിനാറാം കേരളനിയമസഭ

രണ്ടാം സമ്മേളനം

**നക്ഷത്രചിഹ്നമിടാത്ത ചോദ്യം നമ്പർ: 559** **13-10-2026-ൽ മറുപടിയ്ക്ക്**

**വൈദ്യുതി മേഖലയുടെ സ്വകാര്യവല്ക്കരണം**

**ചോദ്യം ഉന്നയിച്ച അംഗങ്ങൾ**

ശ്രീ. എ. സി. മൊയ്തീൻ

ശ്രീ. സേവ്യർ ചിറ്റിലപ്പിള്ളി

ശ്രീ. കെ. പ്രേമൻ

ശ്രീ. പി. കെ. പ്രവീൺ

**മറുപടി നൽകിയ മന്ത്രി**

ശ്രീ. സണ്ണി ജോസഫ്

(വൈദ്യുതി, പരിസ്ഥിതി - പാർലമെന്ററികാര്യ വകുപ്പ് മന്ത്രി)

**(എ)** കെ.എസ്.ഇ.ബി.-യെ ബോംബെ, നാഷണൽ ഓഹരി വിപണികളിൽ ലിസ്റ്റ് ചെയ്യണമെന്ന കേന്ദ്ര സർക്കാരിന്റെ നിർദ്ദേശം സംസ്ഥാനത്തെ വൈദ്യുതി മേഖലയുടെ പൂർണ്ണമായ സ്വകാര്യവല്ക്കരണത്തിന് വഴിയൊരുക്കുമെന്ന ആശങ്ക സർക്കാരിന്റെ ശ്രദ്ധയിൽപ്പെട്ടിട്ടുണ്ടോ;

**മറുപടി:** 2026-27 സാമ്പത്തിക വർഷത്തേക്കുള്ള വൈദ്യുതി മേഖലാ പരിഷ്കരണങ്ങളുമായി ബന്ധപ്പെടുത്തി സംസ്ഥാനങ്ങൾക്ക് അധിക കടമെടുപ്പ് അനുവദിക്കുന്നതിനായി കേന്ദ്രസർക്കാർ പുറത്തിറക്കിയ കരട് മാർഗ്ഗനിർദ്ദേശങ്ങളിൽ, സർക്കാർ ഉടമസ്ഥതയിലുള്ള വൈദ്യുതി സ്ഥാപനങ്ങളുടെ ഓഹരി സ്റ്റോക്ക് എക്സ്ചേഞ്ചിൽ ലിസ്റ്റ് ചെയ്യണമെന്ന നിബന്ധന ഉൾപ്പെടുത്തിയിട്ടുണ്ട്. എന്നാൽ പ്രസ്തുത നിബന്ധന സംസ്ഥാനത്തിന് സ്വീകാര്യമല്ലെന്നും അത് ഒഴിവാക്കണമെന്നും സംസ്ഥാന സർക്കാർ രേഖാമൂലം കേന്ദ്രസർക്കാരിനെ അറിയിച്ചിട്ടുണ്ട്.

**(ബി)** വൈദ്യുതി വിതരണം പൂർണമായി സ്വകാര്യവല്ക്കരിക്കുന്നതിനായി കേന്ദ്രം മുന്നോട്ട് വെച്ച ഏഴിന കരട് നിർദേശങ്ങൾക്ക് സംസ്ഥാന സർക്കാർ അനുകൂലമായ മറുപടി നൽകാൻ തീരുമാനിച്ചിട്ടുണ്ടോ എന്ന കാര്യത്തിൽ വ്യക്തത വരുത്താമോ;

**മറുപടി:** കേന്ദ്രസർക്കാരിന്റെ കരട് നിർദ്ദേശങ്ങൾക്ക് അനുകൂലമായ നിലപാട് സംസ്ഥാന സർക്കാർ സ്വീകരിച്ചിട്ടില്ല. ഭരണഘടനയുടെ ഏഴാം ഷെഡ്യൂളിലെ സമവർത്തിപ്പട്ടിക (കൺകറന്റ്) യിൽ ഉൾപ്പെട്ട വിഷയമാണ് വൈദ്യുതി എന്നതിനാൽ, സംസ്ഥാനത്തെ വൈദ്യുതി മേഖലയെ സമഗ്രമായി ബാധിക്കുന്ന നിയമഭേദഗതികൾ, ചട്ടങ്ങൾ, നയപരമായ പരിഷ്കാരങ്ങൾ എന്നിവ നടപ്പിലാക്കുന്നതിന് മുമ്പ് സംസ്ഥാനങ്ങളുമായി ആവശ്യമായ കൂടിയാലോചന നടത്തി അവരുടെ അഭിപ്രായങ്ങൾ കൂടി പരിഗണിച്ചുള്ള സമീപനം സ്വീകരിക്കണമെന്നതാണ് സംസ്ഥാനത്തിന്റെ നിലപാട്.

**(സി)** സർക്കാർ പുറത്തിറക്കിയ ധവളപത്രത്തിൽ പൊതുമേഖലാ സ്ഥാപനങ്ങളുടെ ഓഹരികൾ വിറ്റഴിക്കുന്നതിനെക്കുറിച്ച് പരാമർശിച്ചിട്ടുള്ളത്, വൈദ്യുതി ഉൽപ്പാദന-വിതരണ മേഖലകളിലെ വൻകിട സ്വകാര്യ കമ്പനികളെ സഹായിക്കാനുള്ള നീക്കത്തിന്റെ ഭാഗമാണെന്ന വിമർശനം ശ്രദ്ധയിൽപ്പെട്ടിട്ടുണ്ടോ;

**<u>മറുപടി:</u>** 2026-ൽ പുറത്തിറക്കിയ ധവളപത്രത്തിൽ സംസ്ഥാനത്തെ വൈദ്യുതി മേഖലയെയോ കേരള സ്റ്റേറ്റ് ഇലക്ട്രിസിറ്റി ബോർഡ് ലിമിറ്റഡിനെയോ സ്വകാര്യവൽക്കരിക്കണമെന്ന് നിർദ്ദേശിച്ചിട്ടില്ല. നിലവിൽ പിന്തുടർന്നുവരുന്ന നയങ്ങൾക്കനുസൃതമായി, വൈദ്യുതി ഉൽപാദന മേഖലയുടെ വളർച്ചയ്ക്കും ഭാവിയിലെ വർധിച്ചുവരുന്ന വൈദ്യുതി ആവശ്യകത നിറവേറ്റുന്നതിനും ആവശ്യമായ വൻതോതിലുള്ള മൂലധന നിക്ഷേപം ഉറപ്പാക്കുന്നതിനായി പൊതുമേഖലാ മൂലധനത്തോടൊപ്പം സ്വകാര്യ മേഖലയുടെ നിക്ഷേപവും പ്രയോജനപ്പെടുത്തേണ്ടതുണ്ടെന്നാണ് ധവളപത്രത്തിൽ പരാമർശിച്ചിട്ടുള്ളത്.

**(ഡി)** സംസ്ഥാനത്തിന് അധികമായി അനുവദിക്കുന്ന വായ്പ്പാ പരിധിക്കായി കെ.എസ്.ഇ.ബി.-യുടെ ബാധ്യതകൾ ഏറ്റെടുത്തുകൊണ്ട് വൈദ്യതി വിതരണം പൂർണമായി സ്വകാര്യവൽക്കരിക്കാനുള്ള സമ്മതപത്രം നൽകാനും, മുൻ സർക്കാർ ഉപേക്ഷിച്ച സ്വകാര്യവൽക്കരണ മാതൃകയിലുള്ള (ടോട്ടെക്സ്) സ്മാർട്ട് മീറ്റർ പദ്ധതി സംസ്ഥാനത്ത് നടപ്പാക്കാനും സർക്കാർ തയ്യാറാകുന്നുണ്ടോ എന്ന് വ്യക്തമാക്കാമോ?

**<u>മറുപടി:</u>** സംസ്ഥാനത്തിന് അധികമായി അനുവദിക്കുന്ന വായ്പ്പാ പരിധിയുമായി ബന്ധപ്പെടുത്തി കെ.എസ്.ഇ.ബി.യുടെ നഷ്ടം പൂർണ്ണമായി ഏറ്റെടുക്കുന്നതാണെന്ന സമ്മതപത്രം സംസ്ഥാന സർക്കാർ മുൻവർഷങ്ങളിലെ കടമെടുപ്പുമായി ബന്ധപ്പെട്ട് കേന്ദ്ര സർക്കാരിന് ഉറപ്പ് നല്കിയിട്ടുണ്ട്. എന്നാൽ വൈദ്യുതി വിതരണം പൂർണമായി സ്വകാര്യവൽക്കരിക്കുന്നതിനുള്ള സമ്മതപത്രം നൽകുന്നത് സംബന്ധിച്ച ഉറപ്പുകൾ ഒന്നും സംസ്ഥാന സർക്കാർ നൽകിയിട്ടില്ല. വൈദ്യുതി മേഖലയെ സമഗ്രമായി ബാധിക്കുന്ന ഇത്തരം നയപരമായ പരിഷ്കാരങ്ങൾ ബന്ധപ്പെട്ടവരുടെ അഭിപ്രായങ്ങൾ പരിഗണിച്ചും സമവായപരമായ സമീപനം സ്വീകരിച്ചും നടപ്പിലാക്കണമെന്നതാണ് സംസ്ഥാന സർക്കാരിന്റെ നിലപാട്.

ടോട്ടെക്സ് മാതൃകയ്ക്ക് ബദലായി ക്യാപ്പക്സ് മാതൃകയിലുള്ള സ്മാർട്ട് മീറ്റർ പദ്ധതിയ്ക്ക് സംസ്ഥാന സർക്കാർ 13.03.2026-ൽ അംഗീകാരം നൽകിയിട്ടുണ്ട്. നിലവിൽ ടോട്ടെക്സ് മാത്യകയിൽ സ്മാർട്ട് മീറ്റർ പദ്ധിതി നടപ്പിലാക്കാൻ തിരുമാനം ഇല്ല.

**സെക്ഷൻ ഓഫീസർ**